**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07

# KOTTAYAM DIOCESE

https://mjssakottayamdiocese.com

https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Circular / 07**

**Date : 31.01.2026**

---

**No: KTYM/ D/ Circular / 07 dtd 31.01.2026**

Circular to All Sunday Schools of MJSSA Kottayam Diocese and its co-workers

കർത്താവിൽ പ്രിയ സഹപ്രവർത്തകരെ ,

നമ്മുടെ ഭദ്രാസനത്തിലെ 67 സൺഡേ സ്കൂളുകളുടെയും നാളിതു വരെയുള്ള പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിൽ കാരുണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2026 ലെ കോട്ടയം ഭദ്രാസന തല സൺഡേസ്കൂൾ പ്രവർത്തനങ്ങൾ, 2026 ജനുവരി 4 ഞായറാഴ്ച്ച കുമരകം സെന്റ് ജോൺസ് ആറ്റാമംഗലം യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറിയും ഇടവക മെത്രാപ്പോലീത്തയുമായ നി.വ.ദി.ശ്രീ.ഡോ.തോമസ് മോർ തീമോത്തിയോസ് തിരുമനസ്സ്കൊണ്ട് ഉദ്ഘാടനം ചെയ്ത പ്രവേശനോത്സവത്തോടെ ആരംഭം കുറിച്ചുവല്ലോ. ഡിസ്ട്രിക്റ്റ് - സൺഡേസ്കൂൾ തലങ്ങളിൽ പ്രവേശനോത്സവത്തോടെ ആരംഭിച്ച ഈ വർഷത്തെ ക്ലാസുകൾ ദൈവ കൃപയാൽ ഏറ്റവും അനുഗ്രഹപ്രദമായി തീരട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസനത്തിലെ സൺഡേസ്കൂളുകളുടെ ഭദ്രാസനതല സ്ഥാപക ദിനാചരണവും സ്ഥാപക പിതാവായ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ അനുസ്മരണവും നെടുമാവ് സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് 25.01.2026 ഞായറാഴ്ച്ച നടത്തപ്പെട്ടു. അന്നേ ദിവസം സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് MJSSA പതാക ഉയർത്തുകയും ഭദ്രാസനത്തിലെ വിവിധ ഡിസ്ട്രിക്റ്റ് / സൺഡേസ്കൂളുകളിലായി പതാക ഉയർത്തി അനുസ്മരണ ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. ഭദ്രാസന സമ്മേളനത്തിൽ സൺഡേസ്കൂൾ പത്താം ക്ലാസ് വാർഷിക പരീക്ഷയിൽ അഖില മലങ്കരതലത്തിൽ ഒന്നാം റാങ്ക് നേടിയ പാമ്പാടി ഡിസ്ട്രിക്റ്റിലെ സെന്റ് മേരീസ് പാമ്പാടി ഈസ്റ്റ് വിദ്യാർത്ഥിനി ഹന്നാ ആനി തര്യനെ ആദരിച്ചു. 2025 ലെ JSSLC/ പ്ലസ് ടു വാർഷിക പരീക്ഷയിൽ 369 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 357 പേർ വിജയിക്കുകയും ഭദ്രാസനത്തിന് 96.7% വിജയശതമാനം ലഭിക്കുകയും ചെയ്തു. പ്രവേശനോത്സവം, സ്ഥാപക ദിനാചരണം, പതാക ഉയർത്തൽ, അനുസ്മരണ ചടങ്ങ് എന്നിവ ഭദ്രാസനത്തിലെ സൺഡേസ്കൂളുകളിൽ നടത്തുന്നതിൽ നേതൃത്വം നൽകിയ ഭദ്രാസന - ഡിസ്ട്രിക്റ്റ് ഭാരവാഹികൾ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ എന്നിവരെ ഏറെ നന്ദിയോടെ ഓർക്കുന്നു.

KOTTAYAM
31.01.2026



AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന കമ്മിറ്റി 2026 ജൂൺ വരെയുള്ള കാലഘട്ടത്തിലെ കർമ്മപദ്ധതികളുടെ ഒരു രൂപരേഖ തയ്യാറാക്കി. ആയത് ഏവരുടെയും അറിവിനും നടത്തിപ്പിനുമായി ചുവടെ ചേർക്കുന്നു.

## YEAR PLAN – 2026 ( February to June )

| Sl No | ഇനം | തീയതി | വേദി / സ്ഥലം |
|---|---|---|---|
| 1 | ആത്മദീപം ചിത്രരചനാമത്സരം | **February 8** ( 02:30 pm - 03:30 pm ) | ഇൻസ്പെക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് കേന്ദ്രത്തിൽ വച്ച് |
| 2 | മുളന്തുരുത്തി സുന്നഹദോസ് നൂറ്റിയൻപതാമത് വാർഷികം സിമ്പോസിയം | **February 22** Sunday 03:00 pm | മുളന്തുരുത്തി മാർത്തോമൻ യാക്കോബായ സുറിയാനി കത്തീഡ്രൽ |
| 3 | ഒഫീഷ്യൽ സെമിനാർ **Kottayam Diocese Office Bearers Meet** & ഭദ്രാസന ആത്മദീപം ഓർഗനൈസേഴ്സ് മീറ്റ് | **March 8** Sunday 03:00 pm | കോട്ടയം സെന്റ് ഇഗ്നാത്തിയോസ് സിംഹാസന കത്തീഡ്രൽ<br>Diocese Committee, Ast. Inspectors , District Secretary, District Teachers Representative / Atmadeepam Coordinators, Head Masters |
| 4 | JSVBS അദ്ധ്യാപക പരിശീലന ക്യാമ്പ് – Teachers Training Camp | **March 28** Saturday ( 9:30 am – 4:00 pm ) | അരീപ്പറമ്പ് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി |
| 5 | LSS /USS സ്കോളർഷിപ്പ് പരീക്ഷ – Preliminary Examination ( **Online** ) | **April 12** Sunday | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേസ്കൂളിൽ വച്ച്<br>No Registration Fee for Preliminary Exam |
| 6 | ഭദ്രാസന പൊതുയോഗം | **April 26** Sunday 03:00 pm | കോട്ടയം സെന്റ് ജോസഫ് കത്തീഡ്രൽ |
| 7 | LSS/USS സ്കോളർഷിപ്പ് പരീക്ഷ രണ്ടാം ഘട്ടം – Main Examination ( **Offline** ) | **May 2** Saturday 10:00 am | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച്<br>Registration Fee: Rs 50 per Student |
| 8 | MJSSA വിദ്യാർത്ഥി നേതൃത്വ പരിശീലന ക്യാമ്പ് | **May 9, 10** ( Sat, Sun ) | ഇടുക്കി പുറ്റടി ഹോളി ക്രോസ് കോളജ് |
| 9 | ' മികവ് ' - ഭദ്രാസന തല അദ്ധ്യാപക മത്സരം | **June 7** Sunday 01:30 pm | ഡയറക്ടറുടെ ചുമതലയിൽ ഭദ്രാസന കമ്മിറ്റി നിശ്ചയിക്കുന്ന വേദിയിൽ വച്ച് |
| 10 | MJSSA വാർഷിക പൊതുയോഗം | **June 13** Saturday 09:30 am | MJSSA Headquarters & Camp site, Puthencruz |
| 11 | അർദ്ധവാർഷിക പരീക്ഷ 2026 ( Class I – XII ) | **June 28** Sunday | ഹെഡ്മാസ്റ്ററുടെ ചുമതലയിൽ അതാത് സൺഡേസ്കൂളിൽ വച്ച് |

KOTTAYAM
31.01.2026

**DIRECTOR**, MJSSA KOTTAYAM DIOCESE

## A. പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ സ്കോളർഷിപ്പ് പരീക്ഷ

പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയുടെ പാവനസ്മരണ നിലനിർത്തുന്നതിനായി ഭദ്രാസനം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ

### ❖ Two Tier Examination ( രണ്ട് ഘട്ടം )

ആദ്യ ഘട്ടമായ പ്രിലിമിനറി പരീക്ഷ അതാത് സൺഡേസ്കൂളുകളിൽ വച്ച് ഓൺലൈനായി **ഏപ്രിൽ 12** ന് നടത്തും. പരീക്ഷ ലിങ്ക് അദ്ധ്യാപകരുടെ മൊബൈലിൽ എത്തുന്നതും തുടർന്ന് നിശ്ചിത സമയത്തിനുള്ളിൽ google-form തിരിച്ചയക്കേണ്ടതുമാണ്. യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും പരീക്ഷ ഓൺലൈനായി എഴുതുവാനുള്ള സമയം ലഭിക്കുന്നതാണ്.

നിശ്ചിത കട്ട് ഓഫ് കടക്കുന്ന കുട്ടികൾക്കായി രണ്ടാം ഘട്ടമായ Main Examination ( എഴുത്തു പരീക്ഷ ) **മെയ് 2** ശനിയാഴ്ച്ച ഡയറക്ടറുടെ ചുമതലയിൽ ഒരു പരീക്ഷ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്

- ❖ സൺഡേസ്കൂൾ ക്ലാസ് മാനദണ്ഡമാക്കിയല്ല, മറിച്ച് പ്രായപരിധിയാണ് കണക്കാക്കുന്നത്. ഒരു സ്കോളർഷിപ്പ് പരീക്ഷയായതിനാൽ പ്രായപരിധിക്കുള്ളിലെ താൽപര്യമുള്ള എല്ലാ വിദ്യാർത്ഥിക്കും, നൽകിയിട്ടുള്ള പാഠഭാഗങ്ങൾ പഠിച്ച് പരീക്ഷയെഴുതാവുന്നതാണ്.

2026 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| LSS | **10 വയസ്സ് വരെ**<br>( 01.01.2026 ൽ 10 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/2016 |
| USS | **10 വയസ്സ് മുതൽ 13 വയസ്സ് വരെ**<br>( 01.01.2026 ൽ 13 വയസ്സ് പൂർത്തിയാവരുത് ) | 01/01/2013 - 31/12/2015 |

- ❖ പ്രിലിമിനറി പരീക്ഷ സൗജന്യമാണ്. മെയിൻ പരീക്ഷയ്ക്ക് Rs 50 രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്.

## സിലബസ്

### LSS ( Lower Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 1, 2, 3, 4 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 70 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 10 % |

### USS ( Upper Secondary Scholarship ) Examination

| Topic | Mark Distribution |
|---|---|
| സൺഡേസ്കൂൾ 5, 6, 7 ക്ലാസുകളിലെ പാഠഭാഗങ്ങൾ | 60 % |
| പൊതു വിജ്ഞാനം ( സഭാപരം ) | 20 % |
| ആനുകാലികം | 20 % |

| **Preliminary Examination** | 2026 April 12 Sunday | Objective Type<br>Online Examination |
|---|---|---|
| **Main Examination** | 2026 May 2 Saturday | Objective & One Word Type<br>Written Examination |

## B. മികവ് - 2026 ( ഭദ്രാസന അദ്ധ്യാപക മത്സരം )

ഈ വർഷത്തെ ഭദ്രാസന അദ്ധ്യാപക മത്സരമായ മികവ് **2026 ജൂൺ 7 ഞായറാഴ്ച** ഭദ്രാസന ഡയറക്ടറുടെ ചുമതലയിൽ നടത്തപ്പെടുന്നതാണ്. ഓരോ വിഭാഗത്തിലെയും **ഓരോ ഇനത്തിലും** ഒരു ഡിസ്ട്രിക്റ്റിൽ നിന്നും ആൺ/ പെൺ പൊതുവായി **2 പേർക്കാണ്** ഭദ്രാസന തലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നത്. ഹെഡ്മാസ്റ്റർമാരുടെ ചുമതലയിൽ സൺഡേസ്കൂളുകളിലും, ഇൻസ്പക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റ് തലത്തിലും മത്സരങ്ങൾ നടത്തി ഭദ്രാസന മത്സരത്തിനുള്ള **ഡിസ്ട്രിക്റ്റ് ലിസ്റ്റ് ഇൻസ്പക്ടർ 2026 മെയ് 15 ന് മുമ്പായി** ഭദ്രാസന ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

- 2026 ലെ MJSSA വർഷാരംഭ സ്റ്റേറ്റ്മെന്റിൽ പേരുള്ള അദ്ധ്യാപകർക്ക് മാത്രമേ സൺഡേസ്കൂൾ/ ഡിസ്ട്രിക്റ്റ് / ഭദ്രാസന മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹതയുണ്ടാവുകയുള്ളൂ.
- മത്സരങ്ങളുടെ മൂല്യനിർണ്ണയവും ( Scoring Indicators ) , ഭദ്രാസനതല ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതും ( Grade + Rank Points ) MJSSA കലോത്സവത്തിലെ അതേ മാതൃകയിൽ ആയിരിക്കും.
- ആവശ്യമായി വന്നാൽ ( പരാതി ലഭിക്കുന്ന പക്ഷം ) മത്സരാർത്ഥികളുടെ വയസ് തെളിയിക്കുന്നതിനുള്ള സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതും കൃത്രിമം കണ്ടുപിടിക്കപ്പെട്ടാൽ അടുത്ത 3 വർഷത്തേക്ക് പ്രസ്തുത സൺഡേസ്കൂളിനെ എല്ലാ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്തുന്നതുമാണ് ( As per MJSSA Manual )

### ഇനങ്ങൾ

| | |
|---|---|
| 1. പ്രസംഗം ( 5 Minutes ) | 3. ആരാധനാ ഗീതം മലയാളം ( 3 Minutes ) |
| 2. സംഗീതം ( 3 Minutes ) | 4. ആരാധനാ ഗീതം സുറിയാനി ( 3 Minutes ) |

### വിഭാഗങ്ങൾ

2026 ജനുവരി 1 അടിസ്ഥാനമാക്കിയാണ് വയസ്സ് നിർണ്ണയിക്കേണ്ടത്

| Category | Age Limit | Date of Birth |
|---|---|---|
| Junior | **35 വയസ്സ് വരെ**<br>( 01.01.2026 ൽ 35 വയസ്സ് പൂർത്തിയാവരുത് ) | on or after 01/01/1991 |
| Senior | **35 വയസ്സ് മുതൽ 55 വയസ്സ് വരെ**<br>( 01.01.2026 ൽ 55 വയസ്സ് പൂർത്തിയാവരുത് ) | 01/01/1971 - 31/12/1990 |
| Super - Senior | **55 വയസ്സ് മുതൽ പ്രായമുള്ളവർ**<br>( 01.01.2026 ൽ 55 വയസ്സ് പൂർത്തിയാവർ മുതൽ ) | up to 31/12/1970 |

## പ്രസംഗ വിഷയങ്ങൾ

| | |
|---|---|
| **Juniors** | **ശോഭയും കാന്തിയും അണിയുക ( ഇയ്യോബ് 40:9 )** |
| **Seniors** | **നല്ലതിനെ മുറുകെ പിടിക്കണം ( 1 തെസ്സലോനിക്യർ 5:21 )** |
| **Super Seniors** | **വഴി ഒരുക്കുവിൻ ( വി.മത്തായി 3:3 )** |

ആരാധനാഗീതം മത്സരങ്ങൾക്ക് തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ - 2019 പുസ്തകത്തിലെ ഏതെങ്കിലും ഗീതമാണ് ഉപയോഗിക്കേണ്ടത്. ആരാധനാ ഗീത മത്സരങ്ങൾക്ക് ( മലയാളം & സുറിയാനി ) ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ ( നിറം ) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ _2019 ബുക്കിൽ അതാത് ഗാനത്തോടൊപ്പം പ്രത്യേകം ചേർത്തിട്ടുണ്ട്. <u>സൂപ്പർ സീനിയർ വിഭാഗത്തിന് ( മലയാളം & സുറിയാനി ) ആരാധനാഗീതം മത്സരങ്ങൾക്ക് ബുക്കിൽ നോക്കി പാടുന്നത് അയോഗ്യതയായി കണക്കാകുന്നതല്ല.</u>

## ഉപസംഹാരം

സൺഡേസ്കൂളുകളിൽ ജനറൽ ക്ലാസുകൾ മാസത്തിലൊരിക്കൽ എങ്കിലും ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. 2026 ലെ കലോത്സവത്തിൽ മികച്ച പ്രകടനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ സൺഡേസ്കൂൾ തലത്തിൽ എത്രയും വേഗം ആരംഭിക്കണം. കലോത്സവത്തിനായി കുട്ടികളെ പ്രായമനുസരിച്ച് തിരിച്ച് ബാലസമാജങ്ങൾ എല്ലാ മാസവും നടത്തുവാൻ ശ്രദ്ധിക്കണം. 2026 ൽ JSVBS എല്ലാ പള്ളികളും കേന്ദ്രീകരിച്ച് നടത്തുവാനും മാർച്ച് 28 ന് നടത്തപ്പെടുന്ന ഭദ്രാസന പരിശീലന ക്യാമ്പിൽ അതാത് സെന്ററിൽ നിന്നുമുള്ള പങ്കാളിത്തവും ഉണ്ടാവണം. അദ്ധ്യാപക മത്സരമായ മികവിലും എല്ലാ അദ്ധ്യാപകരുടെയും / സൺഡേസ്കൂളുകളുടെയും സജീവ പങ്കാളിത്തവും ഉറപ്പുവരുത്തണം.

ഭദ്രാസനത്തിലെ അഞ്ച് ഡിസ്ട്രിക്റ്റുകളിലായി പ്രവർത്തിക്കുന്ന **67 സൺഡേസ്കൂളുകളിലും** വാർഷികം, ഇൻസ്പക്ഷൻ, പരീക്ഷ, ക്യാമ്പുകൾ എന്നിങ്ങനെ വിവിധ ഇനത്തിൽ കഴിഞ്ഞ കാലങ്ങളിൽ സന്ദർശിക്കുവാൻ സാധിച്ചത് ഏറെ സന്തോഷം നൽകുന്നു.

| Sl. No | ഡിസ്ട്രിക്റ്റ് | സന്ദർശിച്ച സൺഡേ സ്കൂളുകൾ | സന്ദർശിച്ച തവണ ( No: of Times ) |
|---|---|---|---|
| 1 | ചെങ്ങളം | 7 | 35 |
| 2 | കോട്ടയം | 15 | 76 |
| 3 | മണർകാട് | 16 | 84 |
| 4 | പള്ളം | 13 | 36 |
| 5 | പാമ്പാടി | 16 | 51 |
| * | **ആകെ** | **67** | **282** |

കഴിഞ്ഞ കാലയളവിലെ വിജയങ്ങൾ മുറുകെ പിടിച്ചുകൊണ്ടും, അതൊടൊപ്പം പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടും, ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവമക്കളായി പരിപാലിക്കേണ്ട മഹത്തായ പ്രവർത്തി ശ്രദ്ധയോടെ നമ്മുക്ക് നിറവേറ്റാം. ഭദ്രാസനത്തിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തു തരുന്ന അഭി.തോമസ് മോർ തീമോത്തിയോസ് തിരുമേനിയോടും സൺഡേ സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി തന്ന് സഹായിക്കുന്ന ബഹു.പള്ളികളോടും, ഈ പ്രസ്ഥാനത്തിന് എല്ലാവിധ പിന്തുണയും നൽകി വരുന്ന ബഹു. വൈദീകരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

മേൽ പറഞ്ഞ പദ്ധതികൾക്ക് എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്

ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി

**ഭദ്രാസന സെക്രട്ടറി ശ്രീ.കെ.ജെ.ജോമോനൊടൊപ്പം**

സ്നേഹപൂർവ്വം

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

അവിനേഷ് തണ്ടാശ്ശേരിൽ
**ഭദ്രാസന ഡയറക്ടർ**
**9061200790**

M.J.S.S.A KOTTAYAM DIOCESE

## Social Media Platforms of MJSSA Kottayam Diocese

| | |
|---|---|
| ***Website*** | http://www.mjssakottayamdiocese.com |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |